**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5542

18-11-2019 ൽ മറുപടിയ്ക്ക്

## കാസർഗോഡ് അഗ്നിശമന ജീവനക്കാർ നടത്തിയ സ്തുത്യർഹമായ സേവനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഈയടുത്ത കാലത്ത് കാസർ ഗോഡ് നഗരത്തിൽ വാതക ടാങ്കറിൽ നിന്ന് ചോർച്ച ഉണ്ടായതിനെത്തുടർന്ന് വലിയ അപകടത്തിൽ നിന്ന് നാടിനെ രക്ഷിക്കാൻ അഗ്നിശമന ജീവനക്കാർ നടത്തിയ സ്തുത്യർഹ മായ സേവനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ നാട്ടും നാട്ടാരും പ്രസ്തുത ജീവനക്കാരെ അനുമോദിക്കാൻ മൽസരിച്ച് ചടങ്ങുകൾ സംഘടി പ്പിച്ചു വരുമ്പോൾ അവരുടെ സേവനങ്ങളെ അംഗീകരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ബി) റവന്യൂ വകുപ്പ് മന്ത്രി കാസർഗോഡ് നിലയത്തലവനെ ഫോണിൽ വിളിച്ച് അനുമോദിച്ചിട്ടുണ്ട്. ജില്ലാ കളക്ടറും ജില്ലാ പോലീസ് മേധാവിയും, കാസർഗോഡ് നിലയത്തിൽ വന്ന് ജീവനക്കാരെ അനുമോ ദിച്ചിട്ടുണ്ട്. ഫയർ ഫോഴ്സ് വകുപ്പിൽ നിന്നും സ്തുത്യർഹമായ സേവനത്തിനുള്ള അംഗീകാരം നൽകുന്നതിനുള്ള നടപടി പുരോഗമിയ്ക്കുന്നു. |
| സി) പ്രശംസനീയമായ സേവനങ്ങൾ ചെയ്തു വരുന്ന കാസർകോട്ടെ അഗ്നിശമന ജീവനക്കാർ അഭിമുഖീ കരിക്കുന്ന പ്രാരാബ്ധങ്ങളും പ്രയാസ ങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രാരാബ്ധങ്ങളും പ്രയാസങ്ങളുമെന്നും അവ പരിഹരിക്കാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി കൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേഷന്റെ പരിധി കൂടുതലായതിനാൽ വളരെ ദൂരം സഞ്ചരിച്ച് രക്ഷാ പ്രവർത്തനം നടത്തേണ്ടിവരുന്നു. പുതുതായി ഫയർസ്റ്റേഷൻ ആരംഭിക്കുന്ന തിനായി വകുപ്പ് തലത്തിൽ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരിയ്ക്കുന്ന മുൻഗണനാ പട്ടികയിൽ കാസർഗോഡ് നിലയത്തിൽ നിന്നും 20 കിലോമീറ്റർ അകലെയുള്ള ബദിയടുക്ക ഉൾപ്പെടുത്തി യിട്ടുണ്ട്. ടി പട്ടിക സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഏതെല്ലാം ഉപകരണങ്ങളുടെ അപര്യാപ്തതയാണ് കാസർഗോഡ് അഗ്നിശമന വിഭാഗത്തിലുള്ളതെന്നും ജീർണ്ണിച്ച ഓഫീസ് കെട്ടിടത്തിനും ജീവനക്കാരുടെ ഹോസ്റ്റലിനും പകരം പുതിയ സംവിധാനം എപ്പോൾ നിലവിൽ വരുമെന്നും വ്യക്തമാക്കാമോ? | ഡി) | ഒരു എമർജൻസി ടെണ്ടറും ഒരു ആംബുലൻസും നിലയത്തിന് അത്യാവശ്യമാണ്. കൂടുതൽ സ്കൂബാ സെറ്റുകളും അസ്കാ ലൈറ്റുകളും, ചെയിൻസോകളും ആവശ്യമുണ്ട്.<br>ഓഫീസ് കെട്ടിടവും നിലയവും ജീവനക്കാർ താമസിക്കുന്ന ക്വാർട്ടേഴ്സും വളരെ പഴക്കം ചെന്നവയായതിനാൽ പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ